Email:-keralarcs.coop@kerala.gov.in
website:- www.cooperation.kerala.gov.in
Fax- 0471-2331513
Tel- 0471-2330726

സി.ജി.(1) 17614 /2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 20/4/2013

## സർക്കുലർ നമ്പർ 28/2013

വിഷയം:- സഹകരണ വകുപ്പ്-കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി- അംഗങ്ങളാകുന്നത് സംബന്ധിച്ച്.

സൂചന- കേരള സഹകരണസംഘം (ഭേദഗതി)നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം)

വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുന്ന വായ്പക്കാരുടെ ഒരു നിശ്ചിത തുക വരെയുള്ള വായ്പ ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 (ഡി) യിലെ വ്യവസ്ഥ അനുസരിച്ച് കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയിരുന്നു. **1.4.2008** മുതൽ നിലവിൽ വന്ന ടി പദ്ധതിയിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ചേരേണ്ടതും വായ്പക്കാരിൽ നിന്നും നിശ്ചിത വിഹിതം ഈടാക്കി, പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വായ്പ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ല. **1.4.2008** മുതൽ പ്രാബല്യത്തിൽ വന്ന റിസ്ക്ക് ഫണ്ട് പദ്ധതിയിൽ ചില വായ്പ സഹകരണ സംഘങ്ങൾ നാളിതുവരെ അംഗമായിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസ്ക്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എടുത്ത് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം ലഭിക്കാത്ത സാഹചര്യമാണ് ഈ സംഘങ്ങളിൽ നിലവിലുള്ളത്.

കേരള നിയമസഭ പാസ്സാക്കിയ 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ (2013 ലെ 8-ാം നമ്പർ നിയമം) വകുപ്പ് 57 (ഡി)(3) പ്രകാരം റിസ്ക്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ പ്രസ്തുത ഭേദഗതി നിയമം നിലവിൽ വന്ന് 3 മാസത്തിനകം റിസ്ക്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതുണ്ട്. കേരള സഹകരണ സംഘം ഭേദഗതി നിയമം 14.2.2013 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. റിസ്ക്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിലക്ക് കൽപിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആകയാൽ കേരള

സഹകരണ റിസ്ക് ഫണ്ട് പദ്ധതി ബാധകമായ എല്ലാ വായ്പ സഹകരണ സംഘങ്ങളും ഉടൻ തന്നെ പദ്ധതിയിൽ ചേരേണ്ടതും വായ്പക്കാരിൽ നിന്നും റിസ്ക്ക് ഫണ്ട് വിഹിതം ഈടാക്കി കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതു മാണ്.

ഒപ്പ്

കെ.വി.സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1) രജിസ്ട്രാർ
കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം,
എറണാകുളം.
2) സെക്രട്ടറി
കേരള നിയമസഭ- ഉപരിപത്രം സഹിതം.
3) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റിവ് ആഡിറ്റ്
ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം.
4) ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ്
റ്റി.സി.25/357 (4), ഗാന്ധാരി അമ്മൻ കോവിൽ റോഡ്,
തിരുവനന്തപുരം.
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
7) ജോയിന്റ് ഡയറക്ടർ കൺകറന്റ് ആഡിറ്റർ സംസ്ഥാന സഹകരണ
ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്.
8) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മുഖേന)
9) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)ന്മാർക്കും
(ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
10) മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
11) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ കാർഷിക
ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
12) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
13) എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
14) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
15) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
16) വെബ്സൈറ്റ്
17) സ്റ്റോക്ക് ഫയൽ/ സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)